നമ്പർ. സി.ഡി(2)12024/2008.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 23.6.2009.

## <u>സർക്കുലർ നം.30/2009</u>

വിഷയം: സഹകരണ വകുപ്പ് - കാർഷിക കടം എഴുതി തള്ളലും കടാശ്വാസവും 2008-ലെ പദ്ധതി- ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർ-ദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. സഹകരണസംഘം രജിസ്ട്രാറുടെ 41/08, 16/09 നമ്പർ സർക്കുലറുകൾ.

2. 16.6.09ലെ എൻ.ബി. കേരള ആർഒ/സിപിഡി/2473/പിഎൽ.1[illegible]/2009-10 നമ്പർ കത്ത്.

.....

2008ലെ കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നത് സംബ-ന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചി-രുന്നു. അതിന്റെ തുടർച്ചയായി സൂചന (2)ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെ-ടുവിക്കുന്നു.

മേൽ പദ്ധതിയിലെ 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' അനുസരിച്ചുള്ള ആനുകൂല്യത്തിന് അർഹരായ മറ്റു കർഷകർ തങ്ങളുടെ വിഹിതം അടച്ചുകൊള്ളാമെന്നുള്ള ഒരു സമ്മതപത്രം നൽകേണ്ടതും, അർഹമായ തുകയിൽ നിന്നും കടാശ്വാസം കുറച്ച തുക 30.9.08, 31.3.09, 30.6.09 എന്നീ മൂന്ന് തവണകളായി അടയ്ക്കേണ്ടതും, ആദ്യ രണ്ട് തവണകളുടെ അടവ് തുക അവരുടെ വിഹിതത്തിന്റെ 1/3-ൽ കുറയാനും പാടുള്ളതല്ലായെന്നും സഹകരണസംഘം രജിസ്ട്രാറുടെ 41/08 നമ്പർ സർക്കുലർ മാർഗ്ഗനിർദ്ദേ-ശത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ വായ്പക്കാരന് കടാശ്വാസമായി ലഭിക്കുന്ന 25 ശതമാനം കഴിച്ചുള്ള ടി തുക (75 ശതമാനം) മേൽ പരാമർശിച്ച മൂന്ന് ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ലായെങ്കിൽ ആയത് 30.6.09ന് മുൻപായി ഒറ്റത്തവണയായി അടച്ച് ആനുകൂല്യത്തിന് അർഹത നേടാവുന്നതാണ്. വായ്പക്കാരന് ആനുകൂല്യത്തിന് അർഹതയുള്ളതായി കണ്ടെത്തിയ മുഴുവൻ തുകയ്ക്കും 1.3.08 മുതൽ 30.6.09 വരെയുള്ള കാലയളവി-ലേക്ക് പലിശ ഈടാക്കുവാൻ പാടില്ലായെന്നും നബാർഡ് മാർഗ്ഗനിർദ്ദേശത്തിൽ

(തുടർച്ച...2)

വ്യക്തമാക്കിയിട്ടുള്ളതിനാൽ അപ്രകാരം ടി കാലയളവിലേയ്ക്ക് പലിശ ഈടാക്കരുതെന്ന് നിർദ്ദേശിക്കുന്നു.

2. ടി പദ്ധതിയിൽ കീഴിൽ വായ്പക്കാരൻ അടയ്ക്കേണ്ട 75 ശതമാനം തുകയിൽ സ്വമേധയാ വീണ്ടും ഇളവ് അനുവദിച്ച് നൽകുവാൻ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അവകാശമുണ്ട്. എന്നാൽ ഇങ്ങനെ അനുവദിച്ച് നൽകുന്ന തുകയിൽ വരുന്ന വ്യത്യാസം സംഘം/ബാങ്ക് തന്നെ വഹിക്കേണ്ടതും ആയത് കേന്ദ്ര സർക്കാരിൽ നിന്നും ക്ലെയിം ചെയ്യുവാൻ പാടില്ലായെന്നും കേന്ദ്ര സർക്കാർ പരമാവധി അർഹമായ തുകയുടെ 25%-ൽ അധികം നൽകുന്നതല്ല എന്നും നബാർഡ് വ്യക്തമാക്കിയിട്ടുണ്ട്. നബാർഡിന്റെ ടി മാർഗ്ഗ നിർദ്ദേശത്തിന് അനുസൃതമായി സംഘങ്ങളിലെ/ബാങ്കുകളിലെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് സംഘങ്ങൾ/ബാങ്കുകൾ പരമാവധി ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

പരാതി പരിഹാര ഉദ്യോഗസ്ഥർ മുൻപാകെ 31.7.09 വരെ ലഭിക്കുന്ന അപേക്ഷകളിൻമേലുള്ള തീർപ്പുകൾക്ക് വിധേയമായി നബാർഡിന് പ്രൊപ്പോസൽ നൽകുവാൻ സംഘങ്ങൾ/ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:
1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർക്കും.
2. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക്.
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർ - കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക്.
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും/ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർമാർക്കും.
5. സെക്രട്ടറി, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർക്ക്. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
7. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ഓഫീസർമാർ, പ്രാഥമിക കാർഷിക വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
8. സഹകരണ വീഥി/സഹകരണ ജേർണൽ
9. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.
10. സ്റ്റോക്ക് ഫയൽ/സ്പെയർ

//ഉത്തരവിൻപ്രകാരം//
ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

ധി/23/6/09